## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭ ചോദ്യം നം: 6407

08/07/2014 ൽ
മറുപടിക്ക്

## കെ. എസ്.എഫ്. ഡി. സി. യുടെ ആധുനികവൽക്കരണം

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള
,, വി.കെ. ബഷീർ
,, വി.എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി

**മറുപടി**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും
സിനിമയും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| (എ) സംസ്ഥാന ഫിലിം ഡവലപ്മെന്റ് കോർപ്പറേഷന്റെ ആധുനികവത്ക്കരണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാന ഫിലിം ഡവലപ്മെന്റ് കോർപ്പറേഷനു കീഴിൽ തിരുവനന്തപുരത്തുള്ള കലാഭവൻ, കൈരളി, ശ്രീ തിയേറ്ററുകൾ പൂർണ്ണമായും നവീകരിച്ചു കഴിഞ്ഞു. കൈരളി/ശ്രീ കോംപ്ലക്സിൽ കൂടുതലായി നിള എന്ന പുതിയ തിയേറ്റർ പ്രവർത്തിച്ചു തുടങ്ങി. കോഴിക്കോട് കൈരളി/ശ്രീ തിയേറ്ററുകളുടെ നവീകരണം പൂർത്തിയാക്കി. ഇപ്പോൾ തൃശ്ശൂരുള്ള കൈരളി/ശ്രീ തിയേറ്ററുകളുടെ നവീകരണം നടന്നു വരികയാണ്. ഇതിനൊപ്പം ചേർത്തലയുള്ള ചിത്രാഞ്ജലി തിയറ്ററിന്റെ നവീകരണവും ഏറ്റെടുത്തിട്ടുണ്ട്. ഏറ്റവും ആധുനിക സൗകര്യങ്ങൾ ഒരുക്കുന്ന ഇവിടെ നിലവിലുള്ള തിയറ്റർ രണ്ടു തിയറ്ററുകളാക്കി വിഭജിക്കുന്നതിന് ഉദ്ദേശിക്കുന്നു. ടി നവീകരണ പ്രവർത്തനങ്ങൾ എല്ലാം സെപ്റ്റംബർ, ഒക്ടോബർ മാസത്തിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ആലപ്പുഴയിൽ ആധുനിക സൗകര്യങ്ങളോടു കൂടി രണ്ടു തിയേറ്ററുകൾ ഉൾപ്പെടുന്ന ഒരു സമുച്ചയത്തിന്റെ നിർമ്മാണം നടന്നു വരികയാണ്. തിരുവല്ലത്തെ ചിത്രാഞ്ജലി സ്റ്റുഡിയോയുടെ ആധുനികവത്ക്കരണ നടപടികളും ആരംഭിച്ചിട്ടുണ്ട്. ഏറ്റവും ആധുനികമായ സൗകര്യങ്ങളോടു കൂടിയ പ്രിവ്യൂ തിയേറ്റർ (ദൃശ്യ) ഇവിടെ പ്രവർത്തിച്ചു തുടങ്ങി. സ്റ്റുഡിയോ സ്ഥാപിതമായതിനു ശേഷം ആദ്യമായി സ്റ്റുഡിയോയുടെ കെട്ടിട സൗകര്യങ്ങളുടെയും റോഡ് അടക്കമുള്ള പശ്ചാത്തല സൗകര്യങ്ങളുടെയും നവീകരണം ഏറ്റെടുത്തു പൂർത്തി യാക്കി. സിനിമാ പ്രവർത്തകർക്ക് താമസിക്കുന്നതിന് നിലവാരമുള്ള മുറികൾ സ്റ്റുഡിയോയിൽ പുതിയതായി കൂട്ടി ചേർത്തു. ഡിജിറ്റൽ ഫിലിം നിർമ്മാണത്തിന് ഉപയോഗിക്കുന്ന ആധുനികമായ ക്യാമറ, ഡി.ഐ. കളർ കറക്ഷൻ, ഒ/ഡി യൂണിറ്റ് എന്നിവ ലഭ്യമാക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്. സ്റ്റുഡിയോയിലെ ശബ്ദലേഖന വിഭാഗം കൂടുതൽ ആധുനികവത്ക്കരിക്കുന്നതിനായി പ്രീമിക്സ് സ്റ്റുഡിയോയും 7.1 സൗണ്ട് മിക്സിംഗ് സംവിധാനവും ഒരുക്കുന്നതിനുള്ള നിർദ്ദേശവും സജീവ പരിഗണനയിലാണ്. |

| | |
|---|---|
| (ബി) ഫിലിമിന്റെ കെമിക്കൽ പ്രോസസിംഗ് സംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ്ഡ് സംവിധാനത്തിലേയ്ക്ക് മാറ്റിക്കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ കെമിക്കൽ പ്രോസസിംഗ് നടത്തിയിരുന്ന യോഗ്യതയുള്ള പ്രോസസിംഗ് സ്റ്റാഫിന് ഡിജിറ്റൽ സംവിധാനത്തിൽ പരിശീലനം നല്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പരിശീലനം നല്കി അവരുടെ സേവനം ഉപയോഗപ്പെടുത്തുമോ ; | (ബി) മലയാള സിനിമ ഏറെക്കുറെ പൂർണ്ണമായും ഡിജിറ്റൽ ഫോർമാറ്റിലേക്ക് മാറിയതിനാൽ കെമിക്കൽ പ്രോസസിംഗ് സംവിധാനവും ലാബും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഡിജിറ്റൽ ഫിലിം നിർമ്മാണത്തിനുള്ള എല്ലാ സൗകര്യങ്ങളും സ്വന്തമായി സ്റ്റുഡിയോയ്ക്ക് ഇല്ല (ക്യാമറ, ഡി.ഐ. ഇത്യാദി). കെമിക്കൽ (ലാബ്, പ്രോസസ്സിംഗ്) വിഭാഗത്തിൽ അവശേഷിക്കുന്ന ജീവനക്കാരെ മറ്റ് വിഭാഗങ്ങളിൽ ഇപ്പോൾ ഉല്പാദനക്ഷമമായി ഉപയോഗിക്കുന്നുണ്ട്. ഡിജിറ്റൽ സംവിധാനങ്ങൾ പൂർണ്ണമായും സ്റ്റുഡിയോ സ്വായത്തമാക്കാത്തതിനാൽ ആ മേഖലയിൽ പരിശീലനം നല്കാനായിട്ടില്ല. |
| (സി) സാങ്കേതിക യോഗ്യതയും പ്രവർത്തന പരിചയവുമുള്ള ഉദ്യോഗസ്ഥരെ പി.എസ്.സി. മുഖേന നിയമിച്ച് കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ ആധുനികവത്ക്കരിച്ച് ലാഭകരമാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) സാങ്കേതിക യോഗ്യതയും പ്രവൃത്തി പരിചയവുമുള്ള സാങ്കേതിക വിദഗ്ദരെ പി.എസ്.സി വഴി നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ ഭാഗമായി സ്റ്റുഡിയോ മാനേജർ, സൗണ്ട് എഞ്ചിനീയർ, ഫിലിം ഓഫീസർ, റിക്കാഡിസ്റ്റ്, പ്രൊഡക്ഷൻ അസിസ്റ്റന്റ് മുതലായ സാങ്കേതിക തസ്തികകൾ 2010-11 കാലഘട്ടത്തിൽ തന്നെ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ